## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 628 | 28.9.2011-ലെ മറുപടിക്ക് |
|---|---|

### കരുനാഗപ്പള്ളി താലൂക്കാശുപത്രി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; എന്ന് പണി പൂർത്തിയാക്കാൻ കഴിയും; | എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സഹകരണ വകുപ്പിൽ നിന്നും ലഭിച്ച ഒരു കോടി രൂപയും എൻ.ആർ.എച്ച് .എം -ൽ നിന്നും ലഭിച്ച 92 ലക്ഷം രൂപയും ഉൾപ്പെടുത്തി 1.92 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൻ പ്രകാരം കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡറിനു നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പണി ആരംഭിക്കാനിരിക്കേ മലിനജലം നിർമ്മാർജ്ജനം ചെയ്യുവാനുള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണം എന്ന ആവശ്യം ഉയർന്നു വന്നു. ഇതേ അവസരത്തിൽ തന്നെ ആശുപത്രിയുടെ മറ്റ് കെട്ടിടങ്ങളുടെ പ്രത്യേകിച്ച് ഓപ്പറേഷൻ തീയേറ്ററിന്റെ അപര്യാപ്തതയും ബഹുമാനപ്പെട്ട സ്ഥലം എം.പി യും കേന്ദ്ര മന്ത്രിയുമായ ശ്രീ.കെ.സി.വേണുഗോപാൽ ശ്രദ്ധയിൽപ്പെടുത്തി. അതിനാൽ ടെന്റർ ചെയ്ത പണി തൽക്കാലംതുടങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചു. എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിനോട് 1.92 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ബി) പീഡിയാട്രിക് വാർഡിന്റെ മേൽക്കൂര അടർന്നുവീണത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) പ്രസ്തുത വാർഡ് പ്രവർത്തന സജ്ജമാക്കുന്നതിന് എന്തു നടപടി യാണ് സ്വീകരിച്ചത്? | സി) പീഡിയാട്രിക് വാർഡ്, ഗൈനക്കോളജി വാർഡ്, ഓപ്പറേഷൻ തീയറ്റർ എന്നിവ മറ്റു കെട്ടിടങ്ങളിൽ താൽക്കാലികമായി പുനഃ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈസ്ഡ് പ്രോജക്ടിൽ കുട്ടികളുടെ വാർഡുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ